പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5071 30.06.2014-ൽ മറുപടിക്ക്.

# ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റത്തിന്റെ ഭാഗമായി കുറ്റകൃത്യങ്ങളുടെ വിശദാംശങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നത് ആരംഭിച്ചത് എന്നാണ്; | :(എ) 19.11.2012 മുതൽ. |
| (ബി) പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പ് കരാർ ഏത് സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്; കരാർ പ്രകാരം പ്രോജക്ട് എന്നാണ് പൂർത്തിയാക്കേണ്ടിയിരുന്നത്; വ്യക്തമാക്കാമോ; | : (ബി) ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം പ്രോജക്ട് കേരളത്തിൽ നടപ്പിലാക്കുന്നതിന് കേരളാ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 10/2012/ആഭ്യന്തരം തീയതി 03.01.2012 പ്രകാരം റ്റാറ്റാ കൺസൾട്ടൻസി സർവ്വീസ് ലിമിറ്റഡ് (റ്റി.സി.എസ്. ലിമിറ്റഡ്)-നെയാണ് നിയോഗിച്ചിട്ടുള്ളത്. 10.04.2012 ൽ കേരളാ പോലീസും റ്റി.സി.എസ്. ലിമിറ്റഡുമായി കരാർ ഒപ്പിട്ടിട്ടുള്ളതുമാണ്. ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം പ്രോജക്ടിന്റെ കോർ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ (സി.എ.എസ്) കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായതിനുശേഷം 60 ആഴ്ചയ്ക്കകമാണ് പദ്ധതി പൂർത്തിയാക്കേണ്ടത്. ആയതിനു ശേഷം 5 വർഷക്കാലം പദ്ധതിയുടെ നടത്തിപ്പിനുള്ള സഹായം റ്റി.സി.എസ്. ലിമിറ്റഡ്, കേരളാ പോലീസിന് ലഭ്യമാക്കും എന്നതാണ് കരാർ. |

| | |
|---|---|
| (സി) കരാർ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തിയായിട്ടുണ്ടോ; ഏറ്റെടുത്ത കമ്പനി പ്രോജക്ടിൽ നിന്നും പിൻമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ;<br><br>(ഡി) നിലവിൽ പ്രസ്തുത പ്രോജക്ട് മുടങ്ങിയ സ്ഥിതിയിലാണോ; ഉദ്യോഗസ്ഥർ തന്നെ ഇത് അട്ടിമറിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | : (സിയും, ഡിയും) പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. പദ്ധതി ഏറ്റെടുത്തിട്ടുള്ള കമ്പനിയായ റ്റി.സി.എസ്. ലിമിറ്റഡ് ഈ പ്രോജക്ടിൽ നിന്നും പിന്മാറിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 7 പോലീസ് ജില്ലകളിലെ 172 പോലീസ് സ്റ്റേഷനുകളിൽ ജനറൽ ഡയറി, എഫ്.ഐ.ആർ. എന്നിവ ഇവയിലൂടെ രജിസ്റ്റർ ചെയ്തു വരുന്നു. ഉദ്യോഗസ്ഥർ തന്നെ ഇത് അട്ടിമറിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ